GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**18th September 2015**

## സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിന് നറുക്കെടുപ്പിനുള്ള സമയക്രമത്തിന് വിജ്ഞാപനമായി

തദ്ദേശഭരണ തിരഞ്ഞെടുപ്പിന് ഓരോ തദ്ദേശഭരണ സ്ഥാപനവും പട്ടികജാതികൾക്കും പട്ടിക വർഗ്ഗ ങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ള വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനമായി. കോർപ്പറേ ഷനുകളിൽ നഗരകാര്യ ഡയറക്ടറേയും മുനിസിപ്പാലിറ്റികളിൽ ബന്ധപ്പെട്ട നഗരകാര്യ ജോയിന്റ് ഡയറക്ട റേയും ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറേയുമാണ് നറുക്കെടുപ്പിലൂടെ സംവരണ വാർഡു കൾ തീരുമാനിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുകളിലെ നറുക്കെടുപ്പ് സെപ്റ്റംബർ 26-ന് രാവിലെ 10-ന് തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവന്റെ ആറാം നിലയിലെ കോൺഫറൻസ് ഹാളിലും, കൊച്ചി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകളുടേത് സെപ്റ്റംബർ 28-ന് ഉച്ചക്ക് 2 മണിക്ക് കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും, കോഴിക്കോട് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനുകളുടേത് സെപ്റ്റംബർ 29-ന് ഉച്ചക്ക് 2 മണിക്ക് കോഴിക്കോട് കോർപ്പറേഷൻ ജൂബിലി ടൗൺ ഹാളിലും നടക്കുന്നതാണ്.

തെക്കൻ മേഖലയിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് സെപ്റ്റംബർ 28, 29 തീയതി കളിൽ കൊല്ലം ടി.എം. വർഗ്ഗീസ് സ്മാരക ഗ്രന്ഥശാല ഹാളിലും, പാലക്കാട് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി കളും ഉൾപ്പെടെ മദ്ധ്യ മേഖലയിലെ മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് അന്നേ ദിവസം കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും വടക്കൻ മേഖലയിലെ മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് കോഴിക്കോട് കോർപ്പറേഷൻ ജൂബിലി ടൗൺ ഹാളിലും രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്ന നടപടി സെപ്റ്റംബർ 23-ന് ആരംഭിക്കുന്നതാണ്.

*(എസ്.ഇ.സി. 46/2015)*